(ബി) ബിഡിഎസ് കോഴ്സിന് തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ഡെന്റൽ കോളേജുകളിൽ 50 സീറ്റ് വീതവും കോട്ടയം ഡെന്റൽ കോളേജിൽ 40 സീറ്റുകളും, എം.ഡി.എസ്. കോഴ്സിന് തിരുവനന്തപുരം ഡെന്റൽ കോളേജിൽ 26-ഉം കോട്ടയം ഡെന്റൽ കോളേജിൽ 18-ഉം കോഴിക്കോട് ഡെന്റൽ കോളേജിൽ 18-ഉം സീറ്റുകളുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

108 (2388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പെർമിറ്റഡ് അൺ റെക്കഗ്നൈസ്ഡ് സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ അപേക്ഷ നൽകിയതിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാനുണ്ട്; എത്രപേരുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്;

(സി) ഇത്തരം സീറ്റുകളിൽ പ്രവേശനം നേടി ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയവർക്ക് രജിസ്ട്രേഷൻ നൽകിയത് രേഖപ്പെടുത്തുന്നതിന് എന്തെങ്കിലും രജിസ്റ്റർ/രേഖ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലോ സർക്കാരോ സൂക്ഷിക്കുന്നുണ്ടോ; കഴിഞ്ഞ അഞ്ചു വർഷം ഇത്തരത്തിലുള്ള ബിരുദാനന്തര ബിരുദധാരികൾക്ക് രജിസ്ട്രേഷൻ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഗവൺമെന്റ്, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പെർമിറ്റഡ് അൺ റെക്കഗ്നൈസ്ഡ് സീറ്റുകളിൽ പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ എന്തെങ്കിലും ശിപാർശ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കഴിഞ്ഞ നാലു യോഗങ്ങളുടെ മിനിട്ട്സും അംഗീകരിച്ച പ്രമേയത്തിന്റെ പകർപ്പും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡോക്ടർമാരുടെ പേരുവിവരങ്ങൾ, യോഗ്യത എന്നിവ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ സൂക്ഷിച്ചുവരുന്നുണ്ട്. മെഡിക്കൽ ബിരുദ യോഗ്യതകൾ നേടിയതിനുശേഷം രജിസ്ട്രേഷനായി കൗൺസിലിനെ സമീപിക്കുന്നവർക്ക് എം.ബി.ബി.എസ്. രജിസ്ട്രേഷൻ അനുവദിക്കുന്നത് ഒരു പ്രത്യേക നമ്പർ നൽകിയാണ്. പ്രസ്തുത നമ്പറിൽ തന്നെ ഏതൊരു രജിസ്റ്റേർഡ് ഡോക്ടർക്കും അധിക യോഗ്യതകൾ ഉൾക്കൊള്ളിക്കാവുന്നതും ആയതിന് പ്രത്യേകമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി വരികയുമാണ് ചെയ്യുന്നത്. ആയതിനാൽ ബിരുദാനന്തര ബിരുദ യോഗ്യതകളുടെ രജിസ്ട്രേഷനുവേണ്ടി മാത്രം ഒരു രജിസ്റ്റർ നിലവിലില്ല. കൂടാതെ നിലവിലുള്ള രജിസ്റ്ററിൽ ഗവൺമെന്റ്/ പ്രൈവറ്റ്/പെർമിറ്റഡ് അൺറെക്കഗ്നൈസ്ഡ് എന്നിങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തിവരുന്നില്ല. അധിക യോഗ്യതയുടെ നാമധേയം, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, പാസായ വർഷം എന്നിവ മാത്രമാണ് നിലവിലെ രജിസ്റ്ററിൽ രേഖപ്പെടുത്തിവരുന്നത്.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തെ തുടർന്ന് അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത (പെർമിറ്റഡ്) അധിക യോഗ്യതയ്ക്ക് രജിസ്ട്രേഷൻ നിർത്തിവച്ചിട്ടുണ്ട്. ഇത്തരത്തിൽ 96 അപേക്ഷകൾ ലഭിച്ചതിൽ സർക്കാർ കോളേജിൽ പഠിച്ച പാസ്സായ 22 പേർക്കും പ്രൈവറ്റ് കോളേജുകളിൽ (അന്യസംസ്ഥാനമുൾപ്പെടെ) പഠിച്ച പാസ്സായ 74 പേർക്കും രജിസ്ട്രേഷൻ നൽകിയിട്ടില്ല. ഇവരുടെ യോഗ്യതകൾ കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽപ്പെടുത്തുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നൽകുന്നതാണ്.

(സി) ഉത്തരം (എ) ബാധകമാണ്.

(ഡി) ഇല്ല. എന്നാൽ വിവിധ അപേക്ഷകളിന്മേൽ ഈ വിഷയം സംബന്ധിച്ച് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

(ഇ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കഴിഞ്ഞ മൂന്ന് യോഗങ്ങളുടെ മിനിറ്റ്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്. 28-12-2015-ലെ യോഗത്തിന്റെ മിനിറ്റ്സ് 19-2-2016-ലെ കൗൺസിൽ അംഗീകരിച്ചശേഷം ലഭ്യമാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്